# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6062 04/11/2016-ൽ മറുപടിയ്ക്ക്**

**മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം സൃഷ്ടിക്കുന്നതിനും അവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേക്ക് കടന്നിരിക്കുന്നു. ശുചിത്വമുള്ള അന്തരീക്ഷത്തിൽ സോളാർഡ്രയർ ഉപയോഗിച്ച് ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത വിവിധയിനം ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു.<br><br>മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാറുകൾ. മീൻ കട്‌ലറ്റുകൾ എന്നിവ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് വഴി നിർമ്മിച്ച് മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ വഴി വിപണനം ചെയ്തുവരുന്നു. |
| ബി) മത്സ്യ സംസ്കരണ കേന്ദ്രങ്ങളുടെയും ഫിഷ് മാളുകളുടെയും സ്ഥാപനത്തിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | ബി) 2014 – 15 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ അഴീകോട്, കണ്ണൂർ ജില്ലയിലെ അഴീക്കൽ എന്നിവിടങ്ങളിൽ ഫിഷ് പ്രോസ്സസ്സിംഗ് സെന്ററുകൾ KSCADC മുഖേന സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകി. സ്ഥല ലഭ്യത കുറവ് കാരണം തൃശ്ശൂർ ജില്ലയിലെ പദ്ധതി ഉപേക്ഷിച്ചു. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മാണം പുരോഗമിക്കുന്നു. |
| സി) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ മീൻ ഉണക്കാനുള്ള യൂണിറ്റുകൾ, മൂല്യവർദ്ധിത മത്സ്യ ഉൽപന്നങ്ങൾക്കുള്ള യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, കോൾഡ് | സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം 34 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ഇതിനോടകം സ്ഥാപിക്കുകയും 3 ശുചിത്വ മാർക്കറ്റു |

| | |
|---|---|
| സ്റ്റോറേജുകൾ, ഓക്ഷൻ ഹാളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ ? | കളുടെ (തിരുവനന്തപുരം 2, കോട്ടയം 1) നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. |
| — | — |

സെക്ഷൻ ആഫീസർ